# യാത്രക്കാരുടെ ശ്രദ്ധയ്ക്ക്:

# പുകവലി പാടില്ല



ലഹരിവിരുദ്ധ സന്ദേശയാത്ര നടത്തിയ
കെ.എസ്.ആർ.ടി.സി. ബസ്സിന്റെ ഉൾഭാഗം

**അമ്പലപ്പുഴ**: ടിക്കറ്റ് റാക്കിനൊപ്പം പുകയിലയ്ക്കും പാൻമസാലയ്ക്കുമെതിരായ ലഘുലേഖകളുമായി കണ്ടക്ടർ യാത്രക്കാരുടെ മുമ്പിൽ. ബസ്സിനുള്ളിൽ പുകവലി പാടില്ല എന്ന പതിവുസന്ദേശം മാത്രമല്ല, പുകയിലയുടെയും പാൻമസാലയുടെയും വിപത്തുകൾ വെളിവാകുന്ന ചിത്രങ്ങളും സന്ദേശവാക്യങ്ങളും. അക്ഷയയുടെയും വിമുക്തിയുടെയും ആഭിമുഖ്യത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സിൽ നടത്തിയ ലഹരിവിരുദ്ധ സന്ദേശയാത്രയാണ് യാത്രക്കാർക്ക് വേറിട്ട കാഴ്ചയായത്. ജനങ്ങളെ ബോധവത്കരിക്കുന്നതിനൊപ്പം കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ കണ്ടുവരുന്ന പുകയില, പാൻമസാല ഉത്പന്നങ്ങളുടെ ഉപയോഗം പൂർണമായും ഇല്ലാതാക്കലും പരിപാടിയുടെ ലക്ഷ്യമായിരുന്നു.

എടത്വ ഡിപ്പോയുടെ തിരുവല്ല – ആലപ്പുഴ ഓർഡിനറി സർവീസിലാണ് പരിപാടി നടത്തിയത്. രാവിലെ 6ന് എടത്വ ഡിപ്പോയിൽ നിന്ന് ആരംഭിച്ച സർവീസ് തിരുവല്ലയിലെത്തി തിരികെ ആലപ്പുഴയിലേക്ക് പുറപ്പെട്ടു. എട്ടു ട്രിപ്പുകൾ പൂർത്തിയാക്കി രാത്രി 9ന് എടത്വയിൽ യാത്ര അവസാനിച്ചപ്പോൾ ഏകദേശം 300 കിലോമീറ്ററാണ് സന്ദേശയാത്ര സഞ്ചരിച്ചത്. 'പുകയില മിഥ്യാധാരണകളും അവയുടെ സത്യവും' എന്ന വിഷയത്തിൽ വണ്ടാനം മെഡിക്കൽ കോളേജ് ആസ്പത്രി സൂപ്രണ്ട് ഡോ.ടി.കെ.സുമ തയ്യാറാക്കിയ ലഘുലേഖയും 'പുകവലി നിർത്താൻ ചില ഉപായങ്ങൾ' എന്ന വിഷയത്തിൽ വണ്ടാനം ടി.ഡി. മെഡിക്കൽ കോളേജ് അസോസിയേറ്റ് പ്രൊഫസർ ഡോ.ബി. പത്മകുമാർ തയ്യാറാക്കിയ ലഘുലേഖയും യാത്രക്കാർക്ക് വിതരണം ചെയ്തു.

എടത്വാ ഗ്രാമപ്പഞ്ചായത്തംഗം റോയിച്ചൻ ലഹരിവിരുദ്ധ സന്ദേശയാത്ര ഫ്ലാഗ് ഓഫ് ചെയ്തു. ജില്ലാ ഇൻഫർമാറ്റിക് ഓഫീസറും വിമുക്തിയുടെ പ്രവർത്തകയുമായ പി.പാർവ്വതീദേവി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അമ്പലപ്പുഴ കാക്കാഴം അക്ഷയ സെൻറർ സംഘടിപ്പിച്ച പരിപാടിക്ക് അക്ഷയ സംരംഭകനും കണ്ടക്ടറുമായ ഐ.ഷെഫീക്കാണ് നേതൃത്വം നൽകിയത്. ബി.രമേഷ്കുമാർ, കെ.പത്മകുമാർ, എസ്.സജീവ്കുമാർ എന്നിവർ സഹായികളായി.